പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നമ്പർ : 2472

14.06.2019 - ൽ മറുപടിക്ക്

## കൺസ്യൂമർ ഫെഡുകളിലെ പർച്ചേസ് നടപടികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ. എം. രാജഗോപാലൻ | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി) |
| എ) | കൺസ്യൂമർ ഫെഡുകളിലേക്ക് സാധനം പർച്ചേസ് ചെയ്യുന്നതിന് എന്തൊക്കെ സുതാര്യമായ നടപടികളാണ് ഈ സർക്കാർ നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | എ) | കൺസ്യൂമർഫെഡിലേയ്ക്ക് ആവശ്യമായ സാധനങ്ങൾ ഗുണനിലവാരവും വിലക്കുറവും ഉറപ്പ് വരുത്തി വാങ്ങുന്നതിനായി എല്ലാ മാസവും രണ്ട് പ്രമുഖ ദിനപത്രങ്ങളിൽ പരസ്യം നൽകി ആവശ്യമായ ഭക്ഷ്യ സാധനങ്ങൾ ഇ-ടെണ്ടറിലൂടെ പർച്ചേസ് ചെയ്യുന്നു. പരസ്യ തീയതി മുതൽ 7 ദിവസം വരെ ക്വട്ടേഷൻ നൽകുന്നതിന് വിതരണക്കാർക്ക് സമയം നൽകുന്നു. ക്വട്ടേഷൻ ഓപ്പൺ ചെയ്ത് 2 ദിവസം കഴിഞ്ഞ് വിതരണക്കാരിൽ നിന്നും ലഭിക്കുന്ന ഭക്ഷ്യവസ്തുക്കളുടെ സാമ്പിളിന്റേയും Trade mark/ Brand എന്നിവയുടേയും അടിസ്ഥാനത്തിൽ ഗുണനിലവാരം ഉറപ്പ് വരുത്തി ഭരണസമിതി ചുമതലപ്പെടുത്തിയിട്ടുള്ള പർച്ചേസ് കമ്മിറ്റിയുടെ സാന്നിധ്യത്തിൽ നെഗോസിയേഷൻ നടത്തി വാങ്ങൽ വില നിശ്ചയിക്കുന്നു. തുടർന്ന് പർച്ചേസ് കമ്മിറ്റി സംബന്ധിച്ച രജിസ്റ്ററിൽ ടി വില രേഖപ്പെടുത്തി നെഗോസിയേഷനിൽ പങ്കെടുക്കുന്ന വിതരണക്കാരന്റെ ഒപ്പ് വാങ്ങി ടെൻഡർ നടപടികൾ പൂർത്തിയാക്കുന്നു. ഇതിനു ശേഷം സാധനങ്ങൾ വാങ്ങുന്നതിനായി മാനേജിംഗ് ഡയറക്ടർ പർച്ചേസ് ഓർഡർ നൽകുന്നു. പർച്ചേസ് ഓർഡർ നൽകുന്ന സാധനങ്ങളുടെ സാമ്പിൾ എല്ലാ ഗോഡൗണുകളിലേയ്ക്കും നൽകുകയും ഈ ഇനങ്ങൾ തന്നെയാണ് വിതരണക്കാർ എത്തിക്കുന്നതെന്ന് ഉറപ്പ് വരുത്തുകയും ചെയ്യുന്നു. ഭക്ഷ്യ സാധനങ്ങൾക്ക് പുറമെ വിൽപ്പനയ്ക്ക് ആവശ്യമായ മറ്റിനങ്ങൾ സെൻട്രൽ പർച്ചേസ് കമ്മിറ്റിയുടെ അംഗീകാരത്തോടെ കമ്പനി/ഡിസ്ട്രിബ്യൂട്ടർ എന്നിവരിൽ നിന്നും വാങ്ങുന്നു. എല്ലാ റീജിയണുകളിലും ഭരണസമിതി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ രൂപീകരിച്ചിട്ടുള്ള റീജിയണൽ പർച്ചേസ് കമ്മിറ്റി ഓരോ റീജിയണിലും |

| | | | |
|---|---|---|---|
| | | | ആവശ്യമായിട്ടുള്ള പ്രാദേശിക തലത്തിൽ പ്രചാരത്തിലുള്ള ഉൽപ്പന്നങ്ങളും ഭക്ഷ്യ വസ്തുക്കളും വാങ്ങി വരുന്നു. കൺസ്യൂമർ ഫെഡറേഷന് ആവശ്യമായ സാധനങ്ങൾ പൂർണ്ണമായും സർക്കാരിന്റെ സ്റ്റോർ പർച്ചേസ് മാനുവൽ അനുവർത്തിച്ച് വാങ്ങുന്നതിന് സാധിക്കാത്തതിനാൽ കൺസ്യൂമർ ഫെഡറേഷന് പ്രത്യേകമായി ഒരു പർച്ചേസ് സബ്റൂൾ തയ്യാറാക്കി ഭരണസമിതി അംഗീകരിച്ച് സർക്കാരിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിരിക്കുകയാണ്. സർക്കാർ ഈ വിഷയം പരിശോധിച്ചു വരുന്നു. |
| ബി) | ഇടനിലക്കാരെ ഒഴിവാക്കി ഭക്ഷ്യവസ്തുക്കൾ ഉത്പാദകരിൽ നിന്നും നേരിട്ട് വാങ്ങാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | ബി) | ഇടനിലക്കാരെ ഒഴിവാക്കി ഭക്ഷ്യ വസ്തുക്കൾ ഉൽപ്പാദകരിൽ നിന്നും നേരിട്ടു വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനായി മഹാരാഷ്ട്ര യിലെ ഉൽപാദന കേന്ദ്രങ്ങളിൽ പോയി കൺസ്യൂമർ ഫെഡ് മാനേജിംഗ് ഡയറക്ടർ, ലെയ്സൺ ആഫീസർ എന്നിവർ സാധ്യതകൾ ആരാഞ്ഞിരുന്നു. കൂടാതെ National Co-operative Consumers Federation of India (NCCF) - ൽ നിന്നും പയർവർഗ്ഗങ്ങൾ ശേഖരിക്കുന്നതിനുള്ള ഏജൻസിയായി കൺസ്യൂമർ ഫെഡിനെ കൂടി ചുമതലപ്പെടുത്തുന്നതിന് ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ